LIBRARY ARCHIVES Kerala Legislative Assembly

സീ-മാറ്റ് കേരള ഡയറക്ടർ വത്സലകുമാർ മിസ്-റെപ്രസന്റേഷൻ നടത്തിയതായി കണ്ടെത്തിയ സംഭവം

116(3027) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സീ-മാറ്റ് കേരള ഡയറക്ടർ വത്സലകുമാർ പ്രൊഫസർ എന്ന ഇല്ലാത്ത പദവി ഉപയോഗിച്ച് മിസ്-റെപ്രസന്റേഷൻ നടത്തിയതായി കണ്ടെത്തുകയും ഇക്കാര്യം അന്വേഷിക്കുന്നതിനായി സർക്കാർ പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തതിനുശേഷം എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചതെന്ന വിശദമാക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചുവരുന്നു.

സീ-മാറ്റ് കേരളയുടെ ഫണ്ട് വകമാറ്റൽ

117(3028) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ നടപ്പിലാക്കിവരുന്ന സുഗമയ എന്ന പദ്ധതിക്ക് ക്രമവിരുദ്ധമായി സീ-മാറ്റ് ഫണ്ട് 25.36 ലക്ഷം രൂപ വകമാറ്റി നൽകിയതിനെ സംബന്ധിച്ച അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ക്രമവിരുദ്ധമായി നൽകിയ പ്രസ്തുത തുക തിരിച്ചുപിടക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്രമക്കേട് കാണിച്ച ബന്ധപ്പെട്ടവർക്കെതിരെ എന്ത നടപടിയാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു

എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് വേണ്ട യോഗ്യതകൾ

118(3030) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഐ.സി.ടി.ഇ. (AICTE) യുടെ പുതിയ ശമ്പള സ്കെയിൽ നടപ്പാക്കിയതിനുശേഷം എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്ക് വേണ്ട യോഗ്യതകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ ;

(ബി) എൽ.ബി.എസ്. (LBS)-ന് കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 2012-ൽ നടപ്പിലാക്കിയ പ്രൊമോഷനുകളിൽ പ്രസ്തുത യോഗ്യത മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) അദ്ധ്യാപക തസ്തികകളിലെ പ്രൊമോഷനുകൾക്ക് വേണ്ടിയുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ ;

(ഡി) 2012-ൽ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിൽ നടപ്പിലാക്കിയ പ്രൊമോഷനുകളിൽ പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) 2012-ലെ പ്രൊമോഷന് സർവ്വീസ് സീനിയോറിറ്റി മാനദണ്ഡമായി പരിഗണിക്കപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണ് പ്രൊമോഷൻ നൽകിയതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2010-ൽ പുതിയ ശമ്പള സ്കെയിൽ നടപ്പിലാക്കുന്നതിനുമുമ്പേ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാർക്കുള്ള യോഗ്യതകൾ വ്യക്തമാക്കുന്ന സ്പെഷ്യൽ റൂൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിലവിലുണ്ട്. അതിൻപ്രകാരമുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു :,

I. Ph.D degree with the I[st] class degree at Bachelor's or Master's level in the appropriate branch of Engineering/ Technology

II. 3 years experience in teaching/Industry/Research at the level of Lecturer or equivalent.

2010-ലെ AICTE റെഗുലേഷൻ പ്രകാരം അസോസിയേറ്റ് പ്രൊഫസർ നിയമനത്തിനുള്ള യോഗ്യത ചുവടെ ചേർക്കുന്നു :

1. B.E/B.Tech and M.E/M.Tech in the relevant branch with first class or equivalent either in B.E/B.Tech or M.E/M.Tech

2. Ph.D or equivalent in the appropriate discipline with minimum of 5 years experience in teaching/research/ industry.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) എൽ.ബി.എസ്. സെന്ററിന്റെ എൺപത്തി ഒമ്പതാമത് കാര്യോപദേശക സമിതി സെന്ററിനുകീഴിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ ലക്ചറർ (Revised as Assistant Professor)തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സേവന ദൈർഘ്യം, യോഗ്യത എന്നിവയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (Revised as Associate Professor) തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ചെയർമാനായും എൽ.ബി.എസ്. സെന്റർ ഡയറക്ടർ കൺവീനറായും പൂജപ്പുര എൽ.ബി.എസ്. കോളേജ് പ്രിൻസിപ്പാൾ മെമ്പറുമായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുകയും 26-9-2012-ലെ സെലക്ഷൻ കമ്മിറ്റിയുടെ മിനിറ്റ്സ് പ്രകാരം അദ്ധ്യാപകൻ പ്രൊമോഷൻ ഉത്തരവാകുന്ന തീയതി മുതൽ ഏഴ് വർഷത്തിനുള്ളിൽ (സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ചട്ടപ്രകാരം)പി.എച്ച്.ഡി. ബിരുദം നേടിയിരിക്കേണ്ടതാണ് എന്നുള്ള നിബന്ധനകൾക്ക് വിധേയമായി അദ്ധ്യാപകരെ അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഇത് 7-12-2010-ന് മുമ്പ് പ്രൊമോഷൻ അർഹതയുള്ളവർക്ക്, അന്ന് നിലവിൽ (1996 സ്കീം)ഉള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ്.

(സി) എ.ഐ.സി.റ്റി.ഇ./കേരള ഗവൺമെന്റ് റൂൾസ്-ഉം എൽ.ബി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനങ്ങൾക്ക് വിധേയമായുമാണ് നിയമനം നടത്തുന്നത്.

(ഡി) ഉണ്ട്.

(ഇ) 6-8-2012-ൽ വിജ്ഞാപനം പുറപ്പെടുവിക്കുകയും മേൽപ്പടി വിജ്ഞാപന പ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിച്ച് യോഗ്യതയുള്ളവർക്ക് അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിനായി 26-9-2012-ലെ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ചെയർമാനായും എൽ.ബി.എസ്. സെന്റർ ഡയറക്ടർ കൺവീനറായും പൂജപ്പുര എൽ.ബി.എസ്. കോളേജ് പ്രിൻസിപ്പാൾ മെമ്പറുമായുള്ള ഒരു കമ്മിറ്റി രൂപീകരിച്ച് അസിസ്റ്റന്റ് പ്രൊഫസർമാർക്ക് അസോസിയേറ്റ് പ്രൊഫസർ ആയി സ്ഥാനക്കയറ്റം നൽകുകയുണ്ടായി.